ഉത്തരം

(എ) ഉടുമ്പൻചോല താലൂക്കിലെ വൈദ്യുതി എത്താത്ത ഗ്രാമങ്ങൾ താഴെ പറയുന്നവയാണ്.

1. കോഴിമല
2. അമ്പലമേട്
3. അമ്പലപ്പാറ
4. വലിയപാറ
5. കൃഷ്ണഗുടി
6. പുതുമനമേട്
7. കട്ടപ്പറച്ചിമേട്
8. കുങ്കിരിപ്പെട്ടി
9. മന്നത്തോട്
10. നമരി
11. ചതുരംഗപാറ

(ബി) വൈദ്യുതി എത്താത്ത കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും വൈദ്യുതി എത്തിക്കാനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുള്ള സാങ്ഷൻ ഉടൻതന്നെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. മേൽ പ്രസ്താവിച്ച ഗ്രാമങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്.

(സി) ബിയറാം വൈദ്യുതികരിച്ചു, രാജാപ്പാറ, എൽ.ഇ.എം.ജി. അഗ്രികൾച്ചറൽ വർക്കിന്റെ എസ്റ്റിമേറ്റിന് അംഗീകാരം ആയിട്ടുണ്ട്. മുള്ളൻതണ്ട് ഭാഗികമായി വൈദ്യുതീകരിച്ചു. പി.ഐ. വർക്ക് നടന്നുകൊണ്ടിരിക്കുന്നു.

സൂപ്പർവൈസറി തസ്തികകളിൽ വികലാംഗർക്ക് സംവരണം നൽകി പ്രൊമോഷൻ നൽകാൻ നടപടി

30 [1927] ശ്രീ. എ. ബി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിലെ വികലാംഗ ജീവനക്കാർക്ക് സൂപ്പർവൈസറി തസ്തികയിൽ പ്രൊമോഷൻ ലഭിക്കുന്നതിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവ് ഇറങ്ങിയതിനുശേഷം ആർക്കെങ്കിലും ഇപ്രകാരം പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഉത്തരവ് ഇറക്കിയതിനുശേഷം സീനിയർ സൂപ്രണ്ട് തസ്തികയിൽ എത്ര പേർക്ക് പ്രൊമോഷൻ നൽകി; അതിൽ എത്ര വികലാംഗർക്ക് സംവരണാനുകൂല്യ പ്രകാരം പ്രൊമോഷൻ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ഇ) ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(എഫ്) വികലാംഗർക്ക് സംവരണം നൽകി സൂപ്പർവൈസറി തസ്തികകളിൽ പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ 3 ശതമാനം ഒഴിവുകൾ വികലാംഗരുടെ നിയമനത്തിനായി സംവരണം ചെയ്ത് ഉത്തരവായിട്ടുണ്ട്.

(ബി) അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) ഇല്ല

(ഡി) പ്രസ്തുത ഉത്തരവ് ഇറങ്ങിയതിനുശേഷം 287 പേർക്ക് സീനിയോറിറ്റി അനുസരിച്ച് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. വികലാംഗർക്കായുള്ള സംവരണാനുകൂല്യ പ്രകാരം ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല.

(ഇ, എഫ്) വികലാംഗർക്ക് സൂപ്പർവൈസറി തസ്തികകളിൽ 3 ശതമാനം സംവരണം നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് ബോർഡിൽ നടപ്പാക്കുന്നതിന് പി.എസ്.സി.-യുടെ അംഗീകാരം ആവശ്യമാണ്. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ബോർഡിന്റെ പരിഗണനയിലാണ്.

മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികകളിലെ നിയമനം

31 [1928] പ്രൊഫ. കെ. വി. തോമസ് :

ശ്രീ. എ. സുജനപാൽ:

,, കെ. അച്ചുതൻ:

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിൽ എത്രപേരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു ;

(ബി) ഇവരെ പിരിച്ചുവിട്ട് തൽസ്ഥാനത്ത് പി.എസ്.സി. വഴി നിയമനം നടത്തണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എന്നാണെന്ന് പറയാമോ ;

(ഡി) എങ്കിൽ ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെ പിരിച്ചുവിട്ട് പി.എസ്.സി. വഴി നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ;

(ഇ) ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെ അടിയന്തിരമായി പിരിച്ചുവിടുമോ; 2004-ലും 2005-ൽ ഇതുവരെയും മീറ്റർ റീഡർമാരിൽ നിന്നും സബ് എഞ്ചിനീയറായി പ്രൊമോഷൻ നൽകപ്പെട്ടവരെത്ര; മീറ്റർ റീഡർമാർക്ക് പ്രൊമോഷൻ നൽകിയപ്പോൾ മീറ്റർ റീഡർ തസ്കയിലുണ്ടായ ഒഴിവുകൾ പി.എസ്.സി. വഴി നികത്താത്തതെന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly